**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1693

31.01.18 - ൽ മറുപടിക്ക്.

**ദിശ-2017 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ അയൽക്കൂട്ടങ്ങളെ നവീകരിക്കുന്നതിനായി 'ദിശ-2017' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ, വയോജനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ,ന്യൂനപക്ഷ വിഭാഗക്കാർ, ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ദിശ ക്യാമ്പെയിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ളവരുടെ 753 അയൽക്കൂട്ടങ്ങളും, വയോജന വിഭാഗങ്ങളുടെ 1,774 അയൽക്കൂട്ടങ്ങളും, ട്രാൻസ് ജെൻഡർ വിഭാഗങ്ങളുടെ 17 അയൽക്കൂട്ടങ്ങളും, ന്യൂനപക്ഷ വിഭാഗങ്ങളുടെ 948 അയൽക്കൂട്ടങ്ങളും, എസ്.റ്റി വിഭാഗങ്ങളുടെ 218 അയൽക്കൂട്ടങ്ങളും, എസ്.സി വിഭാഗങ്ങളുടെ 1,039 അയൽക്കൂട്ടങ്ങളും, 311 തീരദേശ അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കാർഷിക - സൂക്ഷ്മസംരംഭ മേഖലകളിൽ കുടുംബശ്രീ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തി പരമാവധി പ്രയോജനപ്പെടത്തക്ക വിധം കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമായി എന്ന് വ്യക്തമാക്കാമോ; | (സി) | കൃഷി അനുബന്ധ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേക്കും അവർക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുന്നതിനും ആളുകളിൽ എത്തിക്കുന്നതിനുമായി 'ഭക്ഷ്യ സുരക്ഷ ഭവനം' പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നതിനും സൂക്ഷ്മ സംരംഭ മേഖലയിൽ ഒരു തദ്ദേശ ഭരണ പ്രദേശത്ത് കുറഞ്ഞത് ഒരു ഗ്രൂപ്പ് സംരംഭവും ഒരു വ്യക്തിഗത സംരംഭവും ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ 'ജീവനം' എന്ന പേരിൽ ഉപജീവന ക്യാമ്പയിൻ നടപ്പിലാക്കുന്നതിനും പദ്ധതി സഹായകമായി. |
| (ഡി) | അയൽക്കൂട്ട പ്രവർത്തനങ്ങളിലെ പോരായ്മകൾ തിരിച്ചറിയുന്നതിനും അത് പരിഹരിക്കുന്നതിനുമുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ? | (ഡി) | അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 2018-2019 സാമ്പത്തിക വർഷത്തിൽ 'ഇയർ ഓഫ് എൻ.എച്ച്.ജി.' എന്ന പേരിൽ വിവിധ പ്രവർത്തനപരിപാടികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ